പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 608 — 10.3.2015 ന് മറുപടിയ്ക്ക്

# കേരള അക്കാഡമി ഫോർ സ്കിൽ ഡെവലപ്മെന്റിന്റെ കെട്ടിടനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ. ബേബി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കേരള അക്കാഡമി ഫോർ സ്കിൽ ഡെവലപ്മെന്റ്, കൊല്ലത്ത് കെട്ടിടം നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിന് 9.02 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ സിവിൽ കൺസ്ട്രക്ഷൻ, എഞ്ചിനീയറിംഗ് വർക്കുകളും അനുബന്ധ പ്രവർത്തനങ്ങളും ചെയ്യുവാൻ കോഴിക്കോട്ടുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി (ULCCS) എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) സ്കിൽ ഡവലപ്മെന്റ് സെന്ററിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നു; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;<br><br>(സി) ഏതെല്ലാം ഹെഡ്ഡുകളിൽ എത്ര തുകയുണ്ടെന്നും ഇതിനായി കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമാണെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ; | *(ബി) & (സി)* കൺസ്ട്രക്ഷൻ മേഖലയിൽ ഉന്നത തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതിനായി, പുതിയ സാങ്കേതിക വിദ്യയിലൂടെയും, ടെക്നോളജിയിലൂടെയും തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടിയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) എന്ന നൈപുണ്യ വികസന കേന്ദ്രം തുടങ്ങുന്നത്, IIIC യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 54 കോടി രൂപ വകമാറ്റിയിട്ടുള്ളത്. |
| (ഡി) അക്കാഡമിയുടെ കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കി, പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ; | (ഡി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) ന്റെ കെട്ടിട നിർമ്മാണം 2016 മാർച്ചിൽ പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ഇ) പദ്ധതിയ്ക്ക് മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു? | (ഇ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) ന് മൊത്തം 54 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ